കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശൂർ നഗരസഭയിലെ യു.ഡി. ക്ലാർക്കായിരുന്ന ശ്രീ. സി. ജോൺസണിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി അനധികൃത ഹാജരില്ലായ്മ ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 2191/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 20.07.2015.

=====================================================================

പരാമർശം:- 1) 11.07.2014-ലെ 432131/ഇയു2/12/തസ്വഭവ. നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
2) നഗരകാര്യ ഡയറക്ടറുടെ 04.10.2012, 09.04.2014, 16.10.2014 തീയതികളിലെ ഇ3-14826/11 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

തൃശ്ശൂർ നഗരസഭയിൽ സേവനമനുഷ്ഠിച്ചിരുന്ന യു.ഡി. ക്ലാർക്കായ ശ്രീ. സി.ഡി. ജോൺസന് സ്വകാര്യ സ്ഥാപനത്തിൽ ജോലി സ്വീകരിക്കുന്നതിലേക്ക് 20.06.1995 മുതൽ 19.06.2005 വരെ രണ്ട് ഘട്ടങ്ങളിലായി 10 വർഷത്തേക്ക് സർക്കാർ ശൂന്യവേതനാവധി അനുവദിച്ചിരുന്നു. തുടർന്ന് 20.06.2005 മുതൽ അഞ്ച് വർഷത്തേയ്ക്ക് കൂടി ടിയാൻ ശൂന്യവേതനാവധിക്ക് അപേക്ഷിക്കുകയും ആയതിലേക്ക് സർക്കാർ അനുവാദം ലഭിക്കാതെ തന്നെ 20.06.2010 മുതൽ ഒരു വർഷത്തേക്കു കൂടി ശൂന്യവേതനാവധി ദീർഘിപ്പിക്കുവാനുള്ള അപേക്ഷ സമർപ്പിച്ചിരുന്നു.

ശൂന്യവേതനാവധി അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള സമയം 20.06.2012-ൽ അവസാനിക്കുന്നതിനാൽ 21.06.2012 മുതൽ തിരികെ ജോലിയിൽ പ്രവേശിക്കാൻ അനുവദിക്കണമെന്ന് ടിയാൻ അപേക്ഷിച്ചിരുന്നെങ്കിലും 31.07.2013-ന് ടിയാൻ സർവ്വീസിൽ നിന്ന് വിരമിക്കുന്നതു വരെ പ്രസ്തുത അവധി അനുവദിച്ചു നൽകുകയുണ്ടായില്ല. 20.06.2005 മുതലുള്ള ടിയാന്റെ ശൂന്യവേതനാവധി അപേക്ഷ അനുവദിക്കാത്ത സാഹചര്യത്തിൽ, 20.06.2005 മുതൽ ടിയാൻ അനധികൃത ഹാജരില്ലായ്മയിൽ തുടർന്നു എന്നത് ടിയാന്റെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയായി കണക്കാക്കി ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ മേൽപ്പറഞ്ഞ കാലയളവ് ക്രമീകരിക്കുന്നതിന്റെ ഭാഗമായി ടിയാനെതിരെയുള്ള അച്ചടക്ക നടപടി കെ.എസ്.ആർ. ഭാഗം III ചട്ടം 3 ബി പ്രകാരം ടിയാന്റെ പെൻഷനിൽ നിന്നും 100/- രൂപ വീതം അഞ്ച് വർഷത്തേക്ക് കുറവ് വരുത്തുവാൻ തീരുമാനിക്കുകയും സൂചന (2) പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു.

അവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷകളും തിരികെ പ്രവേശിപ്പിക്കുന്നതിനുള്ള അപേക്ഷകളും ടിയാൻ യഥാസമയം സമർപ്പിച്ചിരുന്നെങ്കിലും ടി വിഷയത്തിൽ ഉത്തരവൊന്നും ലഭിക്കാത്തതിനാൽ ടിയാന്റെ വിശദീകരണം അംഗീകരിച്ച് ശൂന്യവേതനാവധി അപേക്ഷകൾ അനുവദിക്കണമെന്നും കാരണം കാണിക്കൽ നോട്ടീസിൽ പരാമർശിച്ചിരുന്ന ശിക്ഷയായ പെൻഷനിൽ നിന്നും 100/- രൂപ വീതം അഞ്ച് വർഷത്തേയ്ക്ക് കുറവു ചെയ്യാനുള്ള തീരുമാനം മൂന്ന് വർഷത്തേക്കായി കുറച്ചു തരണമെന്നും ടിയാൻ കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടിയിൽ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. സി.ഡി. ജോൺസണിന്റെ വിശദീകരണം സ്വീകരിച്ച് ടിയാനെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 (ബി) പ്രകാരം ടിയാന്റെ പെൻഷനിൽ നിന്നും 100/- രൂപ വീതം 3 വർഷത്തേയ്ക്ക് കുറവ് ചെയ്തും ടിയാൻ 20.06.2005 മുതൽ 31.07.2013 വരെ അനധികൃത ഹാജരില്ലായ്മയിൽ ആയിരുന്ന കാലയളവ് മുൻകാല സർവ്വീസ് നഷ്ടമാകാത്ത വിധം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

സോണിയ വാഷിംഗ്ടൺ,
അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ശ്രീ. സി.ഡി. ജോൺസൺ, എൽ.ഡി. ക്ലാർക്ക്
(നഗരകാര്യ ഡയറക്ടർ മുഖേന)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ